**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5857** **08-07-2024 - ൽ മറുപടിയ്ക്ക്**

**കെ സ്മാർട്ട് ആപ്ലിക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇൻഫർമേഷൻ കേരള മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ്, കെ സ്മാർട്ട് എന്ന ആപ്ലിക്കേഷൻ നടപ്പാക്കിയത് എന്നു മുതലാണെന്നും ഇതിൽ ഏതെല്ലാം സേവനങ്ങളാണ് ഇതു വരെ നൽകിയിട്ടുള്ളതെന്നും അറിയിക്കുമോ; നഗരസഭകളിൽ മാത്രമാണോ പ്രസ്തുത ആപ്ലിക്കേഷൻ നടപ്പാക്കിയിട്ടുള്ളത്; പഞ്ചായത്തുകളിൽ പ്രസ്തുത ആപ്ലിക്കേഷൻ ഏപ്രിൽ മുതൽ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; വ്യക്തമാക്കുമോ; | (എ) | കെ സ്മാർട്ട് അപ്ലിക്കേഷൻ 2024 ജനവരി ഒന്നു മുതൽ കേരളത്തിലെ മുഴുവൻ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നിലവിൽ വന്നു. 2024 നവംബർ ഒന്ന് മുതൽ പഞ്ചായത്തുകളിലും കെ സ്മാർട്ട് അപ്ലിക്കേഷൻ വിന്യസിക്കാൻ തീരുമാനം എടുത്തിട്ടുണ്ട് . അതിനുള്ള സാങ്കേതിക നടപടി ക്രമങ്ങൾ നടന്നു വരികയും കൃത്യമായ ഇടവേളകളിൽ റിവ്യൂ ചെയ്യുകയും ചെയ്യുന്നുണ്ട് .<br><br>**ആദ്യ ഘട്ടത്തിൽ കെ-സ്മാർട്ടിൽ ഉൾപ്പെടുത്തിയ മൊഡ്യൂളുകൾ വഴി നൽകുന്ന സേവനങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | കെ സ്മാർട്ടിന്റെ വെബ് ആപ്ലിക്കേഷനിൽ ലഭിക്കുന്ന സേവനങ്ങൾ മൊബൈൽ ആപ്ലിക്കേഷനിൽ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ; | (ബി) | കെ സ്മാർട്ട് വെബ് ആപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എല്ലാ യൂസർക്കും ഉള്ള സർവീസുകൾ ആണ്, മൊബൈൽ ആപ്പിൽ ആദ്യ ഘട്ടം എന്ന നിലയിൽ സിറ്റിസൺ സർവീസുകളും അതിന്റെ സ്റ്റാറ്റസുകൾ , പരാതി പരിഹാര മൊഡ്യൂൾ എന്നിവ ഒക്കെ ആണ് .<br><br>ലൈസൻസികൾക്ക് വേണ്ടി ജി ഐ എസ് സംവിധാനം ഉൾപ്പെടുത്തിയുള്ള മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാണ്. എംപ്ലോയീസ് ആപ്പ്, അനലിറ്റിക്ക് യൂസർ ആപ്പ് എന്നിവ ഏകദേശം പൂർത്തിയായിട്ട് ഉള്ളതും , ക്വാളിറ്റി ടെസ്റ്റ് നടന്നു കൊണ്ടിരിക്കുന്നതും ആണ് . മൊബൈൽ ആപ്പിൽ ഉൾപ്പെടുത്തേണ്ട സർവീസുകളുടെ മെച്ചപ്പെടുത്തൽ നടന്നു വരുന്നുമുണ്ട് കേരളത്തിലെ മറ്റു സർക്കാർ ആപ്പുകളെക്കാൾ മികച്ച യൂസർ റിവ്യൂസ് കെ സ്മാർട്ട് ഇതിനകം നേടി കഴിഞ്ഞിട്ടുണ്ട്. |
| (സി) | ആധാർ അല്ലാതെ മറ്റൊരു രേഖയും ഈ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യാൻ അനുവദിക്കാത്തത് എന്തു കൊണ്ടാണെന്നും | (സി) | ആധാറിനോടൊപ്പം മറ്റു രേഖകൾ വഴിയും യൂസർ റെജിസ്ട്രേഷൻ സാധ്യമാണ് (പാൻകാർഡ് , ഡ്രൈവിംഗ് ലൈസൻസ്, SSLC , തുടങ്ങിയ |

| | | | |
|---|---|---|---|
| | ആധാർ രേഖ വാങ്ങുമ്പോൾ അതിന്റെ സുരക്ഷ ഉറപ്പാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | | സർക്കാർ അംഗീകൃത രേഖകൾ സമർപ്പിച്ച് യൂസർ റെജിസ്ട്രേഷൻ സാധ്യമാണ് ). ആധാർ രേഖകൾ യഥാർത്ഥം ആണോ എന്ന പരിശോധന മാത്രമാണ് കെ സ്മാർട്ട് വഴി നടത്തുന്നത് . അതിനു വേണ്ട ഡാറ്റകൾ ആധാർ രേഖകൾ സൂക്ഷിച്ചിട്ടുള്ള സെർവറുകളിൽ നിന്ന് API വഴി ആണ് കെ സ്മാർട്ടിൽ എത്തുന്നത് . ആവശ്യമായ എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും സ്വീകരിച്ചിട്ടുമുണ്ട് . |
| (ഡി) | പ്രസ്തുത ആപ്ലിക്കേഷനിലെ സേവനങ്ങൾ സംബന്ധിച്ച് ഉപയോക്താവിന് ഉണ്ടാകുന്ന സംശയങ്ങൾ തീർക്കാൻ ഹെൽപ്പ് ലൈൻ നമ്പറോ ഹെൽപ്പ് ഗൈഡോ ഇല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | കെ സ്മാർട്ട് സംബന്ധിച്ച എല്ലാ പ്രശ്നങ്ങളും റിപ്പോർട്ട് ചെയ്യാൻ വാട്സാപ്പ് , ഇമെയിൽ , ഫോൺ സപ്പോർട്ട് തുടങ്ങിയ സൗകര്യങ്ങൾ ജനങ്ങൾക്ക് നൽകിയിട്ടുണ്ട് . മറ്റു കുറ്റമറ്റ നൂതന പ്രശ്ന പരിഹാര സംവിധാനങ്ങൾ ഉൾപെടുത്താനുള്ള നടപടികൾ നടക്കുന്നുമുണ്ട് . |
| (ഇ) | പ്രസ്തുത ആപ്ലിക്കേഷനിലൂടെ കെട്ടിട നിർമ്മാണ പെർമിറ്റുകളുടെ എല്ലാ അപേക്ഷകളും സ്വീകരിച്ചുവരുന്നുണ്ടോ; ഇവ അപ്‌ലോഡ് ചെയ്യുമ്പോൾ വരുന്ന സാങ്കേതികപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ഇ) | നിലവിൽ കെട്ടിട നിർമ്മാണ അനുമതികൾക്കായുള്ള മുഴുവൻ അപേക്ഷകളും സ്വീകരിക്കാനും, തുടർ നടപടികൾ സ്വീകരിക്കുന്നതിനും കെ സ്മാർട്ട് സിസ്റ്റം പ്രവർത്തന സജ്ജമായുള്ളതും, ടി സേവനങ്ങൾ പൊതുജനങ്ങൾ വ്യാപകമായി, തടസ്സ രഹിതമായി, ഉപയോഗിച്ച് വരുന്നതുമാണ്. അപേക്ഷകൾ അപ് ലോഡ് ചെയ്യുമ്പോൾ നേരിടുന്ന രീതിയിലുള്ള സാങ്കേതിക പ്രശ്നങ്ങളൊന്നും തന്നെ സ്ഥായിയായി നിലവിലില്ല. കൂടാതെ, ടി വിഷയത്തിൽ ഫീൽഡ് അവസ്ഥകൾ പ്രകാരമുള്ള ദൈനംദിന നിരീക്ഷണങ്ങൾക്കും, ഉപഭോക്താക്കളുടെ സംശയങ്ങളുടെ നിവാരണത്തിനും, പ്ലാനുകൾ അപലോഡ് ചെയ്യുന്നതിനും ലൈസൻസികൾക്ക് പരിശീലനം നൽകുന്നതിനും വേണ്ടി പ്രത്യേകം പരിശീലനം സിദ്ധിച്ചിട്ടുള്ളതും , വിഷയത്തിൽ പ്രാവീണ്യവുമുള്ള അംഗങ്ങളെ ഉൾപ്പെടുത്തിയിട്ടുള്ള പ്രത്യേക സംഘം പ്രവർത്തിച്ച് വരുന്നതും, സൂചിത ടീം സ്തുത്യർഹമായ രീതിയിൽ പൊതുജനങ്ങൾക്കും വിശിഷ്യാ ബിൽഡിംഗ് ലൈസൻസികൾക്കും സേവനം നൽകി വരുന്നതുമാണ്. ടിയാളുകളുടെ കോണ്ടാക്റ്റ് വിശദാംശങ്ങൾ കെ.സ്മാർട്ട് വെബ് സൈറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതുമാണ് . |
| (എഫ്) | പ്രസ്തുത ആപ്ലിക്കേഷൻ വികസിപ്പിക്കാൻ എത്ര രൂപയാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളതെന്നും എവിടെ നിന്നാണ് ഈ തുക കണ്ടെത്തിയതെന്നും അറിയിക്കുമോ; | (എഫ്) | Income & Expenditure of K-SMART Application Development upto 30-06-2024<br><br>**<u>Fund Received</u>**<br><br>CSML Fund - Rs.19,60,00,000/-<br><br>NUDM Fund - Rs.7,50,00,000/- |

| | | | |
|---|---|---|---|
| | | | **Total – Rs.27,10,00,000/-**<br><br>**<u>Expenditure</u>**<br><br>CSML Fund - Rs.17,32,69,643/-<br><br>NUDM Fund - Rs.7,48,94,881 /-<br><br>IKM Own fund - Rs.11,27,53,088/-<br><br>**Total – Rs.36,09,17,612/-**<br><br>Cochin Smart City Mission Ltd. (CSML), National Urban Digital Mission fund (NUDM), IKM Own Fund എന്നിവയിൽ നിന്നാണ് തുക കണ്ടെത്തുന്നത്. |
| (ജി) | പ്രസ്തുത ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് പുറത്തുനിന്ന് നിയമിച്ച ജീവനക്കാരുടെ എണ്ണം, എത്ര ദിവസത്തേയ്ക്കാണ് നിയമിച്ചത്, ഇവർക്ക് ശമ്പളം ഇനത്തിലും ഓഫീസ് ചെലവിനത്തിലും പ്രതിമാസം ചെലവഴിക്കുന്ന തുക എന്നിവ വിശദമാക്കുമോ? | (ജി) | 6 മാസം മുതൽ 1 വർഷ കാലയളവിലേക്ക് വിവിധ എംപാനൽ കമ്പനികളിൽ നിന്നാണ് ജീവനക്കാരെ നിയോഗിച്ച് വരുന്നത് . ഓരോ മാസവും നിയോഗിക്കുന്ന ജീവനക്കാരുടെ എണ്ണത്തിൽ വ്യത്യാസം വരാറുണ്ട് . 2024 ജൂൺ മാസത്തിൽ പ്രസ്തുത ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് 95 പേർ ജോലി ചെയ്തിരുന്നു. ടി ജീവനക്കാർക്കായി 2024 ജൂൺ മാസത്തിൽ ശമ്പള ഇനത്തിൽ 1,17,64,179/- രൂപയും, ഓഫീസ് ചെലവിനത്തിൽ (Rent on Office Space) പ്രതിമാസം 12,64,134/- രൂപയും ചെലവായിട്ടുള്ളതാണ് . |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

**കെ സ്മാർട്ടിൽ കൂടി ലഭ്യമാകുന്ന വിവിധ മൊഡ്യൂളുകളുടെ സവിശേഷതകൾ**

**1.സിവിൽ രെജിസ്ട്രേഷൻ (ജനന -മരണ - വിവാഹ രജിസ്ട്രേഷൻ)**

- ജനന മരണ രജിസ്ട്രേഷനുകൾ, പേര് ഉൾപ്പെടുത്തലുകൾ, തിരുത്തലുകൾ എന്നിവ ഓൺലൈനായി നടത്താൻ കഴിയുന്നു.
- ജനന മരണ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യാൻ കഴിയുന്നു
- വിവാഹ രജിസ്ട്രേഷൻ ഓൺലൈനായി ഇ -കെ വൈ സി സംവിധാനം ഉപയോഗിച്ച് നടത്തുവാൻ കഴിയുന്നു.
- ഓഫീസിൽ ഹാജരാകാതെ സേവനങ്ങൾ ലഭ്യമാകുന്നു
- സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഓൺലൈനായി പരിശോധിക്കാൻ കഴിയുന്നു

**2. ബിസിനസ് ഫെസിലിറ്റേഷൻ**

- സർക്കാരിന്റെ നിക്ഷേപ സൗഹൃദ നയത്തിന് അനുസൃതമായി വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ഉള്ള ലൈസൻസുകൾ വേഗത്തിലും സമയബന്ധിതമായും ലഭ്യമാകുന്നു.
- ലൈസൻസ് നടപടിക്രമങ്ങൾ ലഘൂകരിക്കപ്പെടുന്നു

**3. വസ്തു നികുതി /പ്രോപ്പർട്ടി ടാക്സ്**

- "എൻറെ കെട്ടിടങ്ങൾ" എന്ന മെനുവിലൂടെ ജനങ്ങൾക്ക് സ്വന്തം കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ എളുപ്പത്തിൽ ലഭിക്കുന്നതിനും അവയെ സംബന്ധിച്ച സർട്ടിഫിക്കറ്റുകളും സാക്ഷ്യപത്രങ്ങളും ഓൺലൈനായി എടുക്കുന്നതിനും നികുതികൾ ഓൺലൈനായി അടക്കുന്നതിനും സാധിക്കുന്നു.
- കെട്ടിട നിർമ്മാണം പൂർത്തീകരിക്കപ്പെടുമ്പോൾ തന്നെ മറ്റൊരു അപേക്ഷ കൂടാതെ നികുതി നിർണയം നടക്കുകയും കെട്ടിട നമ്പറും ബിൽഡിംഗ് സർട്ടിഫിക്കറ്റും ലഭ്യമാവുകയും ചെയ്യുന്നു. ബിൽഡിംഗ് സർട്ടിഫിക്കറ്റ് ഓൺലൈൻ ആയി ഡൗൺലോഡ് ചെയ്യാൻ കഴിയുന്നു ഈ സർട്ടിഫിക്കറ്റ് കെട്ടിടത്തിന്റെ കാലപ്പഴക്കം കെട്ടിടത്തിന്റെ വിലാസം ഉടമയുടെ വിവരങ്ങൾ കൈവശക്കാരന്റെ വിവരങ്ങൾ കെട്ടിടത്തിന്റെ നികുതി വിവരങ്ങൾ നികുതി ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ കെട്ടിടത്തിന്റെ തരം എന്നിവ തെളിയിക്കുന്നതിന് ഉപയോഗിക്കാൻ കഴിയുന്നു.
- സ്വന്തം ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങളുടെയും നികുതികൾ ഒരുമിച്ച് അടവാക്കുന്നതിന് കഴിയുന്നു.

**4. യൂസർ മാനേജ്മെൻറ്**

- ലളിതമായ യൂസർ മാപ്പിംഗ് സംവിധാനം.
- പെൻ നമ്പർ ഉപയോഗിച്ച് കൊണ്ടുള്ള യൂസർ ഐഡന്റിഫിക്കേഷൻ.
- സേവനങ്ങൾ അടിസ്ഥാനമാക്കിയുള്ള യൂസർ മാപ്പിംഗ്.

**5. ഫയൽ മാനേജ്മെൻറ് സിസ്റ്റം**

- ലളിതവും കാര്യക്ഷമവും ഏകീകൃതവുമായ ഫയൽ സംവിധാനം.
- വേഗത്തിലുള്ള ഫയൽ തീർപ്പാക്കൽ സാധ്യമാകുന്നു.
- കാര്യക്ഷമവും സമയബന്ധിതവുമായ തീരുമാനമെടുക്കൽ പ്രക്രിയ.

## 6. ഫിനാൻസ് മോഡ്യൂൾ

- തദ്ദേശ സ്വയം സ്ഥാപനങ്ങളിൽ ബജറ്റിന് അനുസൃതം ആയിട്ടുള്ള സാമ്പത്തിക കൈകാര്യ നടപടികൾ യാഥാർത്ഥ്യമാകുന്നു.
- സാമ്പത്തിക ഇടപാടുകൾ പൂർണമായും ഓൺലൈനായി മാറുന്ന ഫീൽഡ് കളക്ഷന് പി ഒ എസ് മെഷീനും ഓൺലൈൻ പെയ്മെൻറ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാം സാമ്പത്തിക ഇടപാടുകളും അതാത് സമയത്ത് തന്നെ ജനങ്ങൾക്ക് തങ്ങളുടെ അക്കൗണ്ടിലും ലോഗിനിലും ലഭ്യമാണ്
- സാമ്പത്തിക നടപടികൾ സംബന്ധിച്ച് എല്ലാ റിപ്പോർട്ടുകളും അതാത് സമയത്ത് തന്നെ ജീവനക്കാർക്കും മേലധികാരികൾക്കും മറ്റ് സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും ലഭ്യമാകുന്നു.
- ജി-സ്പാർക്ക്, PRICE എന്നീ സോഫ്റ്റ്‌വെയറുകളുമായി ഇന്റെഗ്രേറ്റ് ചെയ്ത് വർക്ക് ചെയ്യുന്നത് മൂലം സാമ്പത്തിക ക്രമക്കേടുകൾ ഇല്ലാതാകുകയും, ഡേറ്റാ ഇന്റെഗ്രിറ്റി സാധ്യമാകുകയും ചെയ്യുന്നു.
- ബിൽഡിംഗ് പെർമിറ്റ്, പ്രോപ്പർട്ടി ടാക്സ്, ലൈസൻസ് എന്നീ മൊഡ്യൂളുകൾ ഇന്റെഗ്രേറ്റ് ചെയ്ത് പ്രവർത്തിക്കുന്നതിനാൽ ഡേറ്റാ ഇന്റെഗ്രിറ്റി സാധ്യമാകുകയും, അതോടൊപ്പം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാകേണ്ട മുഴുവൻ ഡിമാന്റുകളും യഥാസമയം ലഭമാകുന്നതിനുള്ള സാഹചര്യം സംജാതമാകുകയും ചെയ്യുന്നു.

## 7. Building Permissions Module

- ജിഐഎസ് സാങ്കേതികവിദ്യ ഉപയോഗിച്ച് പ്ലോട്ടുകളുടെയും കെട്ടിടങ്ങളിലെയും വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കുന്നതിലൂടെ ഏറ്റവും വേഗത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റുകൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നു.
- നോ യുവർ ലാൻഡ് എന്ന മെനുവിലൂടെ ഒരു സ്ഥലത്ത് ഏതെല്ലാം തരത്തിലുള്ള കെട്ടിടങ്ങളാണ് നിർമ്മിക്കാൻ കഴിയുക എന്ന വിവരം പൊതുജനങ്ങൾക്ക് അറിയാൻ സാധിക്കുന്നു.
- കെട്ടിടം നിർമ്മാണത്തിനായി സമർപ്പിക്കുന്ന പ്ലാനുകൾ ചട്ടങ്ങൾ പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് സോഫ്റ്റ്‌വെയർ തന്നെ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനാൽ ഫീൽഡ് പരിശോധനകൾ ലഘൂകരിക്കപ്പെടുകയും വേഗത്തിൽ നിർമ്മാണ പെർമിറ്റ് ലഭ്യമാവുകയും ചെയ്യുന്നു.
- ജനങ്ങൾക്കും ലൈസൻസികൾക്കും പെർമിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ ഓൺലൈനായി ഏത് സമയത്തും പരിശോധിക്കുന്നതിനും കഴിയുന്നു

## 8. പൊതുജന പരാതി പരിഹാരം

- ഓൺലൈനായിപരാതികൾ നൽകാൻ കഴിയുന്നു.
- സംയുക്ത പരാതികളും മാസ് പെറ്റീഷനുകളും നൽകാൻ സാധിക്കുന്നു
- പരാതികളുടെ സ്റ്റാറ്റസ് തൽസമയം ലഭ്യമാകുന്നു.
- പരാതികളുടെ ലൊക്കേഷൻ നൽകാൻ കഴിയുന്നു.
- പരാതി പരിഹാര നടപടികൾ ശാസ്ത്രീയവും കാര്യക്ഷമവും സുതാര്യവും സമയബന്ധിതവും ആകുന്നു